**അഞ്ച് പ്രതിരോധമരുന്നുകൾ ഒറ്റയടിക്ക് നൽകാവുന്ന പെന്റവലന്റ് വാക്സിൻ ശരിയായ പഠനം നടത്താതെ കേരളത്തിലെയും തമിഴ്നാട്ടിലെയും കുട്ടികളിൽ പരീക്ഷിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നു. പരീക്ഷണഫലമറിഞ്ഞ ശേഷം ഇതര സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കാനാണ് തീരുമാനം. കേരളത്തിന്റെ സാഹചര്യത്തിൽ ഒരിക്കലും ഹിബ്ബ് രോഗബാധ ഒരു സാമൂഹിക ആരോഗ്യ വെല്ലുവിളിയായി ഉയർന്നു വന്നിട്ടില്ല. എന്നിട്ടും നമ്മുടെ കുട്ടികളിൽ ഈ മരുന്ന് പരീക്ഷണം നടത്തുന്നതിന്റെ പിന്നിലെ താത്പര്യങ്ങൾ തുറന്നുകാട്ടുന്നു**

**ഡോ. പി.ജി. ഹരി**

# നമ്മുടെ കുട്ടികളിൽ വേണോ ഈ പരീക്ഷണം?

**ഇന്ത്യയിൽ** പ്രതിരോധ മരുന്നുപയോഗിക്കുന്നതിന് ഉപദേശ നിർദ്ദേശങ്ങൾ നൽകാൻ അധികാരമുള്ള ദേശീയ പ്രതിരോധ മരുന്നു സാങ്കേതിക ഉപദേശക സമിതി (National Technical Advisory Group on Immunization, NTAGI)യുടെ കഴിഞ്ഞ വർഷം നടന്ന ആലോചന യോഗത്തിൽ എടുത്ത ചില നിർണ്ണായക തീരുമാനങ്ങൾ പുറത്ത് വന്നിരിക്കുന്നു. നാളിതുവരെ കാര്യമായ പഠനങ്ങളോ, പരീക്ഷണങ്ങളോ നടന്നിട്ടില്ലാത്ത ഹിമോഫിലസ് ഇൻഫ്ളുവെൻസ - ബി (ഹിബ്ബ്) എന്ന ജലദോഷപനിയുടേതടക്കം അഞ്ച് പ്രതിരോധ മരുന്നുകൾ ഒരുമിച്ച് ഒറ്റകുത്തിവെയ്പായി നമ്മുടെ കുട്ടികളുടെ മേൽ പരീക്ഷിക്കാനും, 2011 സെപ്തംബർ മുതൽ ഒരു വർഷം ഇതിന്റെ ഉപയോഗം കേരളത്തിലെയും തമിഴ്നാട്ടിലെയും കുട്ടികളിൽ മാത്രമായി നിയന്ത്രിച്ച് ഫലങ്ങളും പാർശ്വഫലങ്ങളും പഠന വിധേയമാക്കിയതിനു ശേഷം ഐ.സി.എം.ആർന്റെ അടക്കം കൃത്യമായ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ മറ്റു സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാവൂ എന്ന് യോഗതീരുമാനങ്ങളിൽ പറയുന്നു. ഇവർ പറയുന്നത് പോലെ അപകട രഹിതവും സുരക്ഷിതവുമാണ് ഈ മരുന്നെങ്കിൽ എന്തിന് ഇങ്ങനെ ഉപയോഗം നിയന്ത്രിക്കണം? സമിതി അംഗങ്ങളായ പ്രശസ്ത ഡോക്ടർമാർ എന്തിന് ആശങ്ക പ്രകടിപ്പിക്കണം?

### എന്താണ് യാഥാർത്ഥ്യം?

ഹിമോഫിലസ് ഇൻഫ്ളുവൻസ - ബി എന്നത് ജലദോഷപനി വരുത്തുന്ന ബാക്ടീരിയ ആണ്. ജലദോഷവും ചെറിയ പനിയുമാണ് സാധാരണ രോഗലക്ഷണങ്ങൾ. തുമ്മൽ, ശരീര വേദന, തലവേദന തുടങ്ങിയവയും കണ്ടേക്കാം. വളരെ അപൂർവ്വമായി മസ്തിഷ്കാവരണത്തെയോ, ശ്വാസകോശത്തെയോ ബാധിച്ചേക്കാം. വളരെ മോശമായ ജീവിതസാഹചര്യങ്ങളിലെ ആരോഗ്യം കുറഞ്ഞ കുട്ടികൾ അശ്രദ്ധമായ കൈകാര്യം ചെയ്യലും അമിത മരുന്നുപ്രയോഗം മൂല



**മരുന്നിനെയും മാർക്കറ്റിനെയും മാത്രമടിസ്ഥാനമാക്കിയുള്ള ആരോഗ്യ സംരക്ഷണവും രോഗപ്രതിരോധവും അവസാനിപ്പിച്ച്, സമഗ്രമായൊരു ആരോഗ്യനയവും പ്രതിരോധ മരുന്നുനയവും രൂപീകരിച്ച് ജീവിതനിലവാരവും ആരോഗ്യ ബോധനിലവാരവും ഉയർത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയാണ് വേണ്ടത്**

വും മരിച്ചിട്ടുണ്ട്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഹിബ് മെനിഞ്ചൈറ്റീസോ, ന്യൂമോണിയയോ ബാധിച്ച് ഒരു കുട്ടിപോലും മരിച്ചതായി ആരോഗ്യവകുപ്പിന്റെയോ മറ്റു ഏതെങ്കിലും ഏജൻസികളുടെയോ കണക്കിൽ ഇല്ല. കേരളത്തിന്റെ സാഹചര്യത്തിൽ ഒരിക്കലും ഹിബ്ബ് രോഗബാധ ഒരു സാമൂഹിക ആരോഗ്യ വെല്ലുവിളിയായി ഉയർന്നു വരികയുമില്ല. അപ്പോൾ പിന്നെ എന്തിന് നമ്മുടെ കുട്ടികളിൽ തന്നെ? നമ്മുടെ കുട്ടികൾ മാത്രമായി?

പെന്റവാലന്റ് പ്രതിരോധമരുന്നു കേരളത്തിൽ ഉപയോഗിക്കാൻ അനുമതി നൽകിയ NTAGI പരീക്ഷണപ്രയോഗത്തിന് കേരളത്തെ തിരഞ്ഞെടുത്തതിന്റെ കാരണമായി പറയുന്നത് നോക്കുക.

1. കേരളത്തിൽ പ്രതിരോധ മരുന്നു ഉപയോഗിക്കുന്നവരുടെ എണ്ണം പൊതുവിൽ കൂടുതലാണ്.
2. പാർശ്വഫല നീരിക്ഷണ സംവിധാനങ്ങൾ താരതമ്യേന മെച്ചപ്പെട്ടതാണ്, സാമ്പത്തിക ബാധ്യത കുറവാണ്.
3. പുതിയൊരു പ്രതിരോധ മരുന്നു എതിർപ്പ് ഉണ്ടാക്കും എന്നുള്ളതുകൊണ്ട് നിലവിലുള്ള മരുന്നുകളുടെ കൂട്ടത്തിൽ ചേർത്ത് ഉപയോഗിക്കാം.
4. രോഗബാധ കൂടുതൽ ഉത്തരേന്ത്യയിലാണെങ്കിലും അവിടെ പരീക്ഷണം നടത്തുന്നത് ചെലവേറിയതും സാങ്കേതിക ബുദ്ധിമുട്ടുള്ളതുമാകുന്നു.

ഇത്തരത്തിൽ നമ്മുടെ കുഞ്ഞുങ്ങളുടെ മേൽ പരീക്ഷണം നടത്തുമ്പോഴുണ്ടാകുന്ന പാർശ്വഫലങ്ങൾ നിരീക്ഷിക്കാൻ കഴിയുമെന്നുള്ളതും കൂടുതൽ പേർ മരുന്നുപയോഗിക്കുമെന്നുള്ളതും ചിലവുകുറവാണെന്നതും നമ്മുടെ കുട്ടികളെ മരുന്നു പരീക്ഷണത്തിനു വിട്ടുകൊടുക്കാൻ മതിയായ ന്യായമാണോ? ഒരിക്കലുമല്ല.

കേരളത്തെപ്പോലെ ഉയർന്ന ആരോഗ്യനിലവാരമുള്ള സംസ്ഥാനങ്ങളിലെ കുട്ടികളിൽ ഇത്തരം മരുന്നു പ്രയോഗിക്കുമ്പോൾ സംഭവിക്കാവുന്ന പാർശ്വഫലങ്ങൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെക്കാൾ കുറവായിരിക്കും. രോഗബാധിതർ കൂടുതലും കുറഞ്ഞ ആരോഗ്യനിലവാരവുമുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഈ മരുന്നു പ്രയോഗം മൂലമുണ്ടാകുന്ന അപകടങ്ങൾ വളരെ കൂടുതലാണ്. ഇത് മരുന്നുകമ്പനികളുടെ കച്ചവട താൽപ്പര്യങ്ങൾക്ക് അനുകൂലമല്ല രോഗബാധ തീരെയില്ലാത്ത കേരളം പോലൊരു സംസ്ഥാനത്ത് ഈ മരുന്നു പ്രയോഗിക്കുന്നത് ഫലങ്ങൾ വിലയിരുത്താനല്ല. മറിച്ച് പാർശ്വഫലങ്ങൾ പഠിക്കാനാണ്. കമ്പനികൾ നേരിട്ടൊരു മരുന്നു പരീക്ഷണം നടത്തുമ്പോൾ പങ്കാളികളാകുന്ന സ്വകാര്യ ആശുപത്രികൾ, ഡോക്ടർമാർ പഠനം നടത്തുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്കെല്ലാം പ്രതിഫലം കൊടുക്കേണ്ടിവരും. സർക്കാരിന്റെ പൊതുരോഗ പ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ ഇത്തരത്തിലുണ്ടാകുന്ന വലിയൊരു സംഖ്യ ലാഭിക്കാൻ കഴിയും. മരണമടക്കമുള്ള പാർശ്വഫലങ്ങൾ സംഭവിക്കുമ്പോഴും അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് കമ്പനിക്ക് തലയൂരാൻ കഴിയും. ഇതിന് അനുകൂലമായ രീതിയിൽ തീരുമാനങ്ങൾ എടുപ്പിക്കുന്നതിന് ഡോക്ടർമാരെ, സംഘടനകളെ, സാമൂഹിക പ്രവർത്തകരെയൊക്കെ സ്വാധീനിക്കുകയാണ്. ഹെപ്പറ്റൈറ്റിസ്-ബി അടക്കം ഇതിനു മുമ്പും ഇത്തരത്തിൽ പരീക്ഷണങ്ങൾ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ നടത്തിയിട്ടുണ്ട്. ഇനിയും ഇത് ആവർത്തിക്കാതിരിക്കാൻ തീർച്ചയായും ഈ നീക്കം എതിർക്കപ്പെടണംകാരണം.

1. മരുന്നു പരീക്ഷണത്തിന്റെ യാതൊരു മാർഗ്ഗരേഖയും പാലിച്ചുകൊണ്ടല്ല ഈ പരിക്ഷണം
2. മനുഷ്യനിൽ പ്രത്യേകിച്ചും കുട്ടികളിൽ നടത്തുന്ന മരുന്നു പരീക്ഷണങ്ങൾ അധാർമ്മികവും മനുഷ്യാവകാശം ലംഘനവും കുറ്റകരവുമാണ്.
3. അപകടകരമായ പാർശ്വഫലങ്ങൾ കണ്ടതുമൂലം ജനങ്ങളുടെ എതിർപ്പിനാൽ ശ്രീലങ്ക, ഭൂട്ടാൻ, നേപ്പാൾ എന്നിവിടങ്ങളിൽ താൽക്കാലികമായി നിർത്തിവെച്ച മരുന്നാണിത്.
4. സുരക്ഷിതവും ഫലപ്രദവുമല്ലാത്തതിനാൽ ഒന്നിലധികം പ്രതിരോധമരുന്നുകൾ ഒരുമിച്ച് നൽകുന്നതിൽ നി



ന്ന് വികസിത രാജ്യങ്ങൾ വിട്ടുനിൽക്കുമ്പോഴാണ് പെന്റവാലന്റ് കേരളത്തിൽ പരീക്ഷിക്കുന്നത്.

5. അടിയന്തരമായി വ്യാപക പ്രതിരോധ മരുന്ന് ഉപയോഗിക്കാൻ തക്കവണ്ണം ഗൗരവസ്വഭാവമുള്ള രോഗമല്ല ഹിബ്ബ്. മറ്റു രോഗാണുക്കൾ മൂലം ഉണ്ടാകുന്ന മെനിഞ്ചൈറ്റിസ് ന്യൂമോണിയ മരണങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ തീർത്തും അവഗണിക്കപ്പെടേണ്ടതാണ് ഹിബ്.

6. ഒറ്റയ്ക്ക് ഒറ്റയ്ക്ക് പ്രയോഗിക്കുമ്പോൾ പോലും ഗുരുതരമായ പാർശ്വഫലങ്ങളും അപകടമരണങ്ങളും രേഖപ്പെടുത്തിയിട്ടുള്ള അഞ്ച് പ്രതിരോധ മരുന്നാണ് ഒറ്റയടിക്ക് നമ്മുടെ കുട്ടികളുടെ രക്തത്തിലേക്ക് കടത്തിവിടുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ പ്രതിരോധസംവിധാനം പൂർണ്ണവികാസം പ്രാപിച്ചിട്ടില്ലാത്ത കുട്ടികളുടെ ആരോഗ്യത്തിലുണ്ടാകുന്ന ദോഷകരമായ മാറ്റങ്ങൾ വളരെ വലുതാണ്. ഈ മേഖലയിൽ ആഴത്തിലുള്ള പഠനങ്ങളും കൃത്യമായനിരീക്ഷണവും ഇനിയും നടന്നിട്ടില്ല.

7. രോഗബാധയില്ലാത്ത കേരളത്തിൽ ഇത് പരീക്ഷിക്കുന്നത് പാർശ്വഫലങ്ങൾ പഠിക്കാനും ഫലം കുത്തക മരുന്നു കമ്പനികൾക്ക് അനുകൂലമാക്കാനുമാണ്.

8. അംഗീകാരമോ അനുമതിയോ ഇല്ലാതെ സ്വകാര്യ മേഖലയിൽ കുറേ വർഷമായി നൽകിയിരുന്നു എന്നുള്ളത് ഒരു പരീക്ഷണ മരുന്നു സാർവ്വത്രികമാക്കുന്നതിന് ന്യായമല്ല.

9. പ്രതിരോധ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാനും നിരീക്ഷിക്കാനുമുള്ള സംവിധാനങ്ങൾ കേരളത്തിൽ ഇല്ലാതായിട്ട് നിരവധി മാസങ്ങളായി.

10. ജലദോഷത്തെ പ്രതിരോധിക്കാനാണോ? ഹിബ് മെനിഞ്ചൈറ്റിസ്, ഹിബ് ന്യൂമോണിയ തുടങ്ങിയ സങ്കീർണാവസ്ഥയെ പ്രതിരോധിക്കാനാണോ ഈ മരുന്ന് എന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല. തീർത്തും അനാവശ്യവും അപകടകരവുമായ ഈ മരുന്നു പരീക്ഷണത്തിന് നമ്മുടെ കുട്ടികളെ വിട്ടുകൊടുത്താൽ മരുന്നുകമ്പനികളും ലോകാരോഗ്യ സംഘടനയും ചേർന്ന് അണിയറയിൽ രൂപപ്പെടുത്തികൊണ്ടിരിക്കുന്ന ആറോളം പുതിയ പ്രതിരോധ മരുന്നുകളും ഭാവിയിൽ ഉണ്ടാകാൻ പോകുന്ന എല്ലാമരുന്നുകളും പരിശോധിക്കുന്നതിനുള്ള ഗിനിപന്നി കളാകേണ്ടിവരും നമ്മളും നമ്മുടെ കുട്ടികളും.

## എന്താണ് ഇതിനൊരു പരിഹാരം?

ഒരു പുതിയ മരുന്ന്/പ്രതിരോധ മരുന്നു പ്രയോഗിക്കാൻ അനുമതി നൽകുന്നതിന് മുമ്പ് കേരളത്തിലെ ആരോഗ്യ- സാമൂഹിക - നിയമ രംഗത്തെ നിസ്വാർത്ഥരും സത്യസന്ധരുമായ വിദഗ്ധരെയും പരീക്ഷണത്തിന്റെ മുഴുവൻ ദുരന്തഫലങ്ങളും അനുഭവിക്കുന്ന സാധാരണക്കാരന്റെ പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുകയും ഓരോ പുതിയ മരുന്ന് പ്രയോഗത്തിൽ വരുത്തുന്നതിനു മുൻപ് സമിതിയുടെ മുമ്പാകെ താഴെ പറയുന്നവ വിശദമായി ചർച്ചക്ക് വെക്കണം.

രോഗം, രോഗനിരക്ക്, ഗുരുതരാവസ്ഥയിൽ ആകുന്നവരുടെ എണ്ണം, മരണ നിരക്ക്, മരുന്നിലെ ഘടകങ്ങൾ, സുരക്ഷിതത്വം, പാർശ്വഫലങ്ങൾ, ഫലപ്രാപ്തിനിരക്ക്, സാമ്പത്തികബാധ്യത, മരുന്നു പ്രയോഗിക്കുന്ന മരുന്നു കമ്പനികളുടെ പ്രവർത്തന രീതിയും ചരിത്രവും മറ്റു നിക്ഷിപ്ത താൽപ്പര്യങ്ങൾ മരുന്നു ഉപയോഗിച്ച വിഭാഗങ്ങളുണ്ടെങ്കിൽ അവരുടെ തുടർ ആരോഗ്യ അവസ്ഥ തുടങ്ങി ബഹുമുഖ അന്വേഷണവും ചർച്ചയും നടത്തുകയും എല്ലാ അംഗങ്ങൾക്കും ബോധ്യമാകുന്നു എങ്കിൽ മാത്രം ജനങ്ങളുടെ മുന്നിലേക്ക് ചർച്ചക്ക് വെക്കുകയും അവർക്കുകൂടി ബോധ്യപ്പെടുന്നു എങ്കിൽ മാത്രം ഒരു മരുന്നിന്റെ പ്രയോഗത്തിനു അനുമതി നൽകാൻ പാടുള്ളൂ. ഇത്തരത്തിൽ എല്ലാവശങ്ങളും പഠിച്ചശേഷം സ്വമേധയാ തയ്യാറാകുന്നവരിൽ മാത്രം ഒരു മരുന്നു പ്രയോഗിക്കാൻ അനുമതി നൽകാവൂ. മരുന്നു പരീക്ഷണത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഇപ്പോൾ നിലവിലുള്ള നിയമമെങ്കിലും പൂർണ്ണമായി പാലിക്കാൻ നിഷ്കർഷിക്കുക. മരുന്നിനെയും മാർക്കറ്റിനെയും മാത്രമടിസ്ഥാനമാക്കിയുള്ള ആരോഗ്യ സംരക്ഷണവും രോഗപ്രതിരോധവും അവസാനിപ്പിച്ച്, സമഗ്രമായൊരു ആരോഗ്യനയവും പ്രതിരോധ മരുന്നുനയവും രൂപീകരിച്ച് ജീവിതനിലവാരം, ആരോഗ്യ ബോധനിലവാരം തുടങ്ങിയവ ഉയർത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

## പുതിയ മരുന്നു പരീക്ഷണത്തിൽ നിന്നും നമ്മുടെ കുട്ടികളെ രക്ഷിക്കാൻ ഉടൻ ചെയ്യേണ്ടത് :

1. കേരളത്തിന്റെ ആരോഗ്യ മേഖലയിൽ ഗ്രാമ-ഗ്രാമാന്തരങ്ങളിൽ ഇറങ്ങി മരുന്നു വിതരണം ചെയ്യുന്നവർ മിക്കപ്പോഴും മേലുദ്യോഗസ്ഥരുടെ ആജ്ഞകൾ അനുസരിക്കുക മാത്രം ചെയ്യുന്നവരാണ്. ഇത്തരക്കാരെ മരുന്നിനെ കുറിച്ചുള്ള ആശങ്കകൾ അറിയിക്കുകയും ജനങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുക. മേലുദ്യോഗസ്ഥരെ അറിയിക്കാൻ ആവശ്യപ്പെടുക.

2. കുത്തക മരുന്നുകമ്പനികളുടെ കമ്മീഷൻ വാങ്ങി തൊഴിൽ ധാർമ്മികതയും സേവന നൈതികതയും നഷ്ടപ്പെടുത്തുന്ന ഡോക്ടർമാരെയും ഉദ്യോഗ സ്ഥരെയും തുറന്നുകാട്ടി ഒറ്റപ്പെടുത്തുക. പഞ്ചായത്ത് /മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/നിയമസഭയിലെ നമ്മുടെ പ്രതിനിധികളോട് നിലപാടെടുക്കാൻ ആവശ്യപ്പെടാം.

3. സർവ്വ മനുഷ്യാവകാശങ്ങളും ലംഘിച്ച് നമ്മുടെ കുട്ടികളിൽ നടത്തുന്ന മരുന്നു പരീക്ഷണത്തിനു അനുമതി നിഷേധിച്ച് ഭാവി തലമുറയുടെ ആരോഗ്യം സംരക്ഷിക്കണമെന്ന് രാഷ്ട്രപതി/പ്രധാനമന്ത്രി/ ആരോഗ്യ മന്ത്രി തുടയങ്ങിയവർക്ക് കത്തെഴുതാം.

4. ജനാധിപത്യ സമരമുറകളിലൂടെ ജനകീയ സമ്മർദ്ദം ഉയർത്തുക.

5. പുതിയ പ്രതിരോധ മരുന്നിന്റെ അപകടങ്ങളെ കുറിച്ച് കൂടുതൽ ജനങ്ങളിലേക്ക് അറിവു പകരുക.

**വാൽക്കഷ്ണം :** റോഡിലിറങ്ങി നടക്കുമ്പോൾ വാഹന അപകടം വരാതിരിക്കാനുള്ള പ്രതിരോധമരുന്നു ഉണ്ട് എന്ന് ഏതെങ്കിലും കമ്പനി പ്രഖ്യാപിച്ചാലും ഡോക്ടർമാരുടെ സംഘടന നേതാക്കാൾ അനുകൂലിച്ച് ലേഖനമെഴുതി പഠിപ്പിച്ചുകളയും.

*(കടപ്പാട് : ഡോ. കെ.വി. ബാബു)*

### പഞ്ചായത്ത് ഭരണത്തിൽ പാർട്ടിവിപ്പിനെന്ത് കാര്യം

വേണ്ടത് ഗ്രാമസഭയുടെ വിപ്പ്. പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ മേൽ പാർട്ടി നേതാക്കന്മാർക്ക് ചാട്ടവാറോങ്ങാൻ നിയമപരമായി അവസരമൊരുക്കുന്ന 2005ലെ ഓർഡിനൻസ് പുനരുജ്ജീവിപ്പിക്കാൻ സംസ്ഥാനസർക്കാർ തീരുമാനിച്ചിരിക്കുന്നു.

**അടുത്തലക്കത്തിൽ
സണ്ണിപൈകട എഴുതുന്നു**